"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ജവിവ-ജലസേചനം-കുട്ടനാട് വികസന ഡിവിഷൻ കോട്ടയവും അനുബന്ധ കാര്യാലയങ്ങളും പാലക്കാടും അനുബന്ധ സ്ഥലങ്ങളിലേക്കുമായി മാറ്റി ഇൻവെസ്റ്റിഗേഷൻ ഫോർ വാട്ടർ റിസോഴ്സസ്(IWR) കാര്യാലയങ്ങൾ രൂപീകരിച്ച് - ഉത്തരവാകുന്നു.

ജലവിഭവ(എ) വകുപ്പ്

സ.ഉ.(സാധാ) നം.97/2021/ജ.വി.വ തീയതി,തിരുവനന്തപുരം, 10/02/2021

പരാമർശം:- ചീഫ് എഞ്ചിനീയർ(I&A) യുടെ 21-01-2020 ലേയും 06/02/2021 ലേയും സി2-22612/2019 നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

ജലസേചന മേഖലകളിൽ വിവിധ പദ്ധതി പര്യവേക്ഷണത്തിനായി പ്രത്യേകം ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നില്ലായെന്നും നിലവിലുള്ള ഓഫീസുകൾതന്നെ പര്യവേക്ഷണങ്ങളും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുമ്പോൾ ഉണ്ടാകുന്ന കാലതാമസവും മറ്റ് തടസ്സങ്ങളും മൂലം പുതിയ പദ്ധതികൾ കണ്ടെത്തി പര്യവേക്ഷണം നടത്തി വിശദമായ പദ്ധതിരേഖ തയ്യാറാക്കാൻ ഈ കാര്യാലയങ്ങൾക്ക് പലപ്പോഴും സാധിക്കാതെവരുന്നുണ്ടെന്നും ഇതിനൊരു പരിഹാരമായി ഒരു കാര്യാലയം ആവശ്യമായി വന്നിരിക്കുന്നുവെന്നും ആയതിനാൽ കുട്ടനാട് വികസന ഡിവിഷൻ കോട്ടയവും അനുബന്ധ കാര്യാലയങ്ങളും പാലക്കാടും അനുബന്ധ സ്ഥലങ്ങളിലേക്കുമായി മാറ്റി ഇൻവെസ്റ്റിഗേഷൻ ഫോർ വാട്ടർ റിസോഴ്സസ്(IWR) കാര്യലയങ്ങൾ രൂപീകരിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ പരാമർശത്തിലെ കത്തുകൾ പ്രകാരം ചീഫ് എഞ്ചിനീയർ(ഐ&എ) സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കോട്ടയം കുട്ടനാട് വികസന ഡിവിഷൻ കാര്യാലയവും അതിനോട് ചേർന്ന രണ്ട് സബ് ഡിവിഷൻ കാര്യാലയങ്ങളും ടി കാര്യാലയങ്ങളുടെ കീഴിൽ വരുന്ന ആറ് സെക്ഷൻ കാര്യാലയങ്ങളും , മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ തിരുവല്ല കാര്യാലയത്തിൽ അറ്റാച്ച് ചെയ്തിട്ടുള്ള കുട്ടനാട് വികസന സെക്ഷൻ , കറിച്ചി കാര്യാലയവും ടി കാര്യാലയങ്ങളിലെ തസ്തികകളും ഉൾപ്പെടെ താഴെപ്പറയുന്ന കാര്യാലയങ്ങൾ പാലക്കാടും അനുബന്ധ സ്ഥലങ്ങളിലുമായി മാറ്റി ഇൻവെസ്റ്റിഗേഷൻ ഓഫ് വാട്ടർ റിസോഴ്സസ് കാര്യാലയങ്ങൾ രൂപീകരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പുതിയതായി രൂപീകരിക്കുന്ന ഡിവിഷനുകൾ ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി) യുടെ പ്രവർത്തന നിയന്ത്രണത്തിലായിരിക്കും എന്നും ഇതിനാൽ ഉത്തരവാകുന്നു.

| നിലവിലുള്ള ഓഫീസുകൾ | ഇൻവെസ്റ്റിഗേഷൻ ഓഫ് വാട്ടർ റിസോഴ്സ് കാര്യാലയത്തിനു കീഴിൽ വരുന്ന പുതിയ ഓഫീസുകൾ |
|---|---|
| KD ഡിവിഷൻ, കോട്ടയം | IWR ഡിവിഷൻ പാലക്കാട് |
| KD സബ് ഡിവിഷൻ, കോട്ടയം | IWR സബ് ഡിവിഷൻ നം.1 പാലക്കാട് |
| കട്ടനാട് ഡെവലപ്മെൻറ് സെക്ഷൻ, കോട്ടയം | IWR സെക്ഷൻ No. 1/1 .പാലക്കാട് |
| കട്ടനാട് ഡെവലപ്മെൻറ് സെക്ഷൻ ,നെണ്ടൂർ | IWR സെക്ഷൻ 2/1 നിലമ്പൂർ |
| കട്ടനാട് ഡെവലപ്മെൻറ് സെക്ഷൻ, കമരകം | IWR സെക്ഷൻ3/1 അഗളി |
| കട്ടനാട് ഡെവലപ്മെൻറ് സെക്ഷൻ , കരിച്ചി | IWR സെക്ഷൻ 4/1 കോഴിക്കോട് |
| KD സബ് ഡിവിഷൻ, ആർപ്പകര | IWR സബ് ഡിവിഷൻ 2 , തൃശ്ശൂർ |
| കട്ടനാട് ഡെവലപ്മെൻറ് സെക്ഷൻ , ആർപ്പകര | IWR സെക്ഷൻ 1/2 തൃശ്ശൂർ |
| കട്ടനാട് ഡെവലപ്മെൻറ് സെക്ഷൻ, കട്ടുത്തുരുത്തി | IWR സെക്ഷൻ 2/2 പീച്ചി (KERI) |
| കട്ടനാട് ഡെവലപ്മെൻറ് സെക്ഷൻ,വൈക്കം | IWR സെക്ഷൻ 3/2 മലപ്പുറം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റജീന ബീഗം
ജോയിന്റ് സെക്രട്ടറി

പകർപ്പ്
ചീഫ് എഞ്ചിനീയർ(ഐ&എ), തിരുവനന്തപുരം
ചീഫ്എഞ്ചിനീയർ (ഐ.ഡി.ആർ.ബി), തിരുവനന്തപുരം
പ്രിൻസിപ്പൾ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരളാ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരളാ, തിരുവനന്തപുരം/തൃശ്ശൂർ
ധനകാര്യ വകുപ്പ് [I & PW - $A_2$/273/2019 - Fin [1394722] തീയതി 21/12/2020 പ്രകാരം]
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് നം. സി2-2262/2019 തീയതി 11/02/2021

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഓഫീസുകൾക്കും തുടർനടപടികൾക്കായി നൽകുന്നു.

ചീഫ് എഞ്ചിനീയർക്കുവേണ്ടി

വെബ്സൈറ്റ് മുഖേന